**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2759.** **12.02.2019 ൽ മറുപടിയ്ക്ക്**

**അബ്കാരി കേസുകളിലെ കുറ്റപത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അബ്കാരി കേസുകളിൽ കേസെടുത്ത ഉദ്യോഗസ്ഥൻ തന്നെ കുറ്റപത്രം സമർപ്പിക്കാൻ പാടില്ലെന്ന് സുപ്രീം കോടതി ഉത്തരവ് നിലവിലുണ്ടോ; | (എ) യും (ബി) യും | നിലവിലുണ്ട്. ബഹു. സുപ്രീംകോടതിയുടെ ക്രിമിനൽ അപ്പീൽ 1880/2011 കേസ്സിലെ ഉത്തരവ് പ്രകാരം എൻ.ഡി.പി.എസ്.കേസ്സുകൾ കണ്ടെടുത്ത ഉദ്യോഗസ്ഥൻ തന്നെ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കാൻ പാടില്ലായെന്നും കേസ്സെടുത്ത ഉദ്യോഗസ്ഥനേക്കാൾ സീനിയറായ ഉദ്യോഗസ്ഥൻ തന്നെ എൻ.ഡി.പി.എസ്. കേസ്സുകളിൽ അന്വേഷിച്ച് കുറ്റപത്രം സമർപ്പിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | കേസെടുത്ത ഉദ്യോഗസ്ഥനേക്കാൾ സീനിയറായ ഉദ്യോഗസ്ഥൻ അന്വേഷിച്ച് കുറ്റപത്രം സമർപ്പിക്കണമെന്നാണോ പ്രസ്തുത ഉത്തരവിൽ പറയുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | എങ്കിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത അബ്കാരി കേസുകളിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന വേണ്ടി വരുമോ; | (സി) യും (ഡി) യും | കഴിഞ്ഞ 5 വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്ത 13868 അബ്കാരി കേസ്സുകളിൽ പുന:പരിശോധന വേണ്ടിവരും. |
| (ഡി) | എങ്കിൽ എത്ര കേസുകളിൽ ഈ വിധം പുനഃപരിശോധന ആവശ്യമായി വരുമെന്ന് അറിയിക്കുമോ; | | |
| (ഇ) | കുറ്റപത്രം സമർപ്പിച്ച കേസുകളിൽ പുന:പരിശോധന നടത്തുന്നതിന് കോടതിയുടെ അനുമതി ആവശ്യമാണോ; | (ഇ) | ആവശ്യമാണ്. |
| (എഫ്) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | ബഹു. സുപ്രീംകോടതി വിധി അബ്കാരി കേസ്സുകളിൽ ബാധകമാക്കി വരുന്നതിനാൽ കുറ്റപത്രം സമർപ്പിച്ച കേസ്സുകളിൽ തുടരന്വേഷണത്തിനായി ബന്ധപ്പെട്ട കോടതികളിൽ നിന്നും അനുമതി വാങ്ങി നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**